**പരവൂർ—മയ്യനാട് കായൽപ്പാലം നിർമ്മാണം**

70 [652] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പരവൂർ-മയ്യനാട് കായൽപ്പാല നിർമ്മാണം സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

*ഉത്തരം*

പരവൂർ-മയ്യനാട് കായൽപ്പാലത്തിന് റിവൈസ്ഡ് ഭരണാനുമതി കിട്ടുന്നതിന് വേണ്ടി 908 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഈ പണി നബാർഡ് സ്കീമിന്റെ അനുമതിക്കായി വിശദമായ പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

**ആയിരംതെങ്ങ് — അഴീക്കൽ പാലത്തിന്റെ നിർമ്മാണം**

71 [653] *ശ്രീ. എ. എൻ. രാജൻബാബു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ ആയിരംതെങ്ങ്-അഴീക്കൽ പാലത്തിന്റെ നിർമ്മാണം ഏതുഘട്ടം വരെയായി എന്ന് വെളിപ്പെടുത്തുമോ;

(ബി) പാലം പണി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് പറയാമോ?

*ഉത്തരം*

(എ) ആയിരംതെങ്ങ്-അഴീക്കൽ പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചു.

(ബി) പണി ആരംഭിച്ച് 18 മാസത്തിനുള്ളിൽ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**ചാത്തന്നൂർ സബ് രജിസ്ട്രാർ ആഫീസിന്റെ നിർമ്മാണം**

72 [654] *ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാത്തന്നൂർ സബ് രജിസ്ട്രാർ ആഫീസിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly